Founder Editor : K. Sukumaran B. A.

വിശ്വാസ്യതയുടെ 96 വർഷങ്ങൾ

# കേരളകൗമുദി

സ്പെഷ്യൽ സപ്ലിമെന്റ്

Thiruvananthapuram | Kollam | Alappuzha | Kottayam | Kochi | Thrissur | Kozhikode | Kannur | Bangalore

2007 മാർച്ച് 23 വെള്ളി
പേജ് 4 പുൾ ഔട്ട്

www.keralakaumudi.com
കൊല്ലം
1182 മീനം 9

## പോരുവഴി പെരുവിരുത്തി മലനട ക്ഷേത്രം

# മലക്കുട മഹോത്സവം



Design: Deepulal, Pollimon

## കുരുക്ഷേത്രഭൂമിയിലെ ഉത്സവം ഇന്ന്

എസ്. അനൂപ്, മലനട

മീനമാസം ഒന്നാം വെള്ളി കൊടിയേറി രണ്ടാം വെള്ളിയോടെ പര്യവസാനിക്കുന്ന പ്രശസ്തമായ മലക്കുട മഹോത്സവം ദർശിച്ച് സായൂജ്യമടയുവാൻ സ്വദേശത്തുനിന്നും, വിദേശത്തുനിന്നും ലക്ഷക്കണക്കിനാളുകളാണ് ഒത്തുചേരുന്നത്.

വൈകിട്ട് മലനടയുടെ ഭഗവതിക്ഷേത്രമായ ഗുരുക്കൾശ്ശേരിയിൽ നിന്നും ഭഗവതിയെ ഊരാളിയും, പരിവാരങ്ങളും കൂടി എഴുന്നള്ളിച്ച് മലനടക്ഷേത്രത്തിന് മുൻവശത്തുള്ള ഭഗവതീ ദേവീസ്ഥാന മണ്ഡപത്തിൽ ഇരുത്തിയതിന് ശേഷം ഏവരും കടുത്താംശ്ശേരികൊട്ടാരത്തിലേക്ക് പോകുന്നു. കടുത്താംശ്ശേരി ക്ഷേത്രത്തിൽ വച്ച് വ്രതശുദ്ധനായ ഊരാളിയെ താളിക്കാരനും നാലുവീടന്മാരും കൂടി കറുപ്പുകച്ച ഒരു പ്രത്യേക രീതിയിൽ ഉടുപ്പിക്കുന്നു(കച്ച കെട്ടുക എന്നു പറയും). കച്ച കെട്ട് ദർശിക്കുവാൻ തടിച്ചുകൂടുന്ന ജനത്തിനിടയിലൂടെ കൊട്ടാരത്തിനകത്തു നിന്നും ഊരായ്മയുടെ പ്രതീകമായ തലപ്പാവും, ഓലക്കുടയും, വടിയും ഏന്തി മലയപ്പൂപ്പന്റെ അനുഗ്രഹത്താൽ ഉറഞ്ഞ് തുള്ളുമ്പോൾ കൂപ്പുകൈകളുമായി നിൽക്കുന്ന പതിനായിരങ്ങളുടെ നാവിൽ നിന്നുയരുന്ന മലയപ്പൂപ്പന്റെ ശരണം വിളിനാദം ആ അന്തരീക്ഷത്തെ പവിത്രമാക്കുന്നു, ഭക്തിനിർവൃതമാക്കുന്നു. അവിടെ നിന്നും ഒരു കാലിൽ തുള്ളി അനുഗ്രഹിച്ച് വേഗത്തിലോടുന്ന ഊരാളി ക്ഷേത്ര ദേവസ്ഥാനമണ്ഡപത്തിൽ വന്ന് തൊഴുത് അവിടെ നിന്നും പടിഞ്ഞാറോട്ട് അടയപ്പാട്ടുകൂടി വയലേലകളിലേക്ക് നീങ്ങുന്നു. ഒറ്റക്കാലിൽ തുള്ളിയുറഞ്ഞ് നീങ്ങുന്ന കാഴ്ച ഭക്തിസാന്ദ്രമാകുന്നു. മലയപ്പൂപ്പന്റെ പ്രതിപുരുഷൻ വയലേലകളിൽ എത്തിച്ചേരുമ്പോഴേക്കും മുരവുകണ്ടം മലയപ്പൂപ്പനെ സ്വീകരിക്കുവാനായി ആഘോഷത്തിന്റെ നിറവിലേക്കും, പഴമയുടെ തനിമയിലേക്കും എത്തിച്ചേർന്നിരിക്കും. അമാനുഷിക മനുഷ്യപ്രയത്നത്താൽ കിലോമീറ്ററുകൾ താണ്ടി തോളിലേറ്റിയെത്തുന്ന കെട്ടുകാഴ്ചകൾക്ക് (എടുപ്പുകാളയും, എടുപ്പുകുതിരയും) വാദ്യമേളങ്ങളും, ആർപ്പുവിളികളും കായികശേഷിയുടെ നതോന്നത താളങ്ങളും, വൻജനാവലിയും അകമ്പടിയേകുന്നു. മലനട കുന്നും മുരവുകണ്ടവും ആഘോഷങ്ങലുടെ നിർവൃതിയിലേക്കെത്തിച്ചേരുന്ന നിമിഷങ്ങൾ............

ഇടയ്ക്കാട് കരയുടെ തനത് കെട്ടുകാള മലയപ്പൂപ്പന്റെ സ്വന്തം കാളയാണ്. വടിവൊത്ത ഉടലും തിളങ്ങുന്ന കണ്ണുകളും എടുപ്പുകാളയ്ക്ക് ജീവന്റെ തുടിപ്പേകുന്നു. നേർച്ചകെട്ടുകാഴ്ചകൾക്കൊടുവിലാണ് വലിയകാള മലനട കുന്നുകയറുന്നത്. ഇടയ്ക്കാട് കര ഒഴികെയുള്ള ആറു കരകൾക്കും 21 കാൽ കോൽ നീളമുള്ള വലിയ എടുപ്പുകുതിരകളാണ് ഉള്ളത്. കൂടാതെ നൂറുകണക്കിന് ചെറുതും വലുതുമായ കെട്ടുകാളകളും കൂടിച്ചേർന്ന് മലക്കുട കെട്ടുകാഴ്ച വർണ്ണാഭമാക്കുന്നു. കേരളത്തിലെ തന്നെ ഏറ്റവും വലിയ എടുപ്പ് കെട്ടുത്സവമാണ് ഇവിടെ നടക്കുന്നത്. മലക്കുട മഹോത്സവം സാധാരണക്കാരോട് അടുത്തു നിൽക്കുന്ന ഒരു ദേശത്തിന്റെ കൊയ്ത്തുത്സവവും ഒത്തുചേരലുമാണ്. മണ്ണിന്റെ നിറവും മണവുമുള്ള ഉത്സവം.

### ഐതീഹ്യം

നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ ഭൂമി ഗിരിവർഗ്ഗക്കാരുടെ ആവാസകേന്ദ്രമായിരുന്നു. അവർ തമോഗുണവിധാനങ്ങളായ കർമ്മങ്ങളാൽ പൂർവ്വോക്ത ദേവൻമാരെ ഭക്തിശ്രദ്ധാപുരസരം ആരാധിച്ചുതുടങ്ങി. ഗിരിവർഗ്ഗക്കാരാണെങ്കിലും ഇവരുടെ ഉപാസനാവൈഭവത്താലും സിദ്ധ ഔഷധ പ്രയോഗത്താലും നാൾക്കുനാൾ പ്രശസ്തി വാനോളമുയർന്നു. അങ്ങനെയിരിക്കെ ദുര്യോധന മഹാരാജാവ് പാണ്ഡവരെ അന്വേഷിച്ച് ഈ കുന്നിൻ മുകളിലെത്തി. ദാഹവും ക്ഷീണവും തോന്നിയ മഹാരാജാവ് മലനടകുന്നിന്റെ വടക്കുപടിഞ്ഞാറ് കണ്ട കടുത്താംശ്ശേരി കുടുംബത്തിലെത്തി ദാഹജലം ആവശ്യപ്പെട്ടു. നൂറ്റാണ്ടുകൾക്ക് മുമ്പ് ശീതളപാനീയമായി ഉപയോഗിച്ചിരുന്ന ചെത്ത് കള്ള് മഹാരഥന്റെ ദാഹശമനത്തിനായി നൽകി. പാനീയം നൽകിയ സ്ത്രീ തിരിഞ്ഞ് നടക്കുമ്പോൾ കഴുത്തിൽക്കിടന്ന കുറത്താലി കാണുകയും ദുര്യോധനാദികൾക്ക് ഇത് താഴ്ന്ന ജാതിയിൽപ്പെട്ട കുടുംബമാണെന്ന് തിരിച്ചറിവുണ്ടായി. അങ്ങനെ അയിത്തം സംഭവിച്ച ദുര്യോധനമഹാരാജാവിന് ഭ്രഷ്ട് തോന്നിയെങ്കിലും ഈ സങ്കേതം ദൈവചൈതന്യം നിറഞ്ഞ് നിൽക്കുന്ന പുണ്യഭൂമിയാണെന്നും, ഇവിടുത്തെ ഓരോ മൺതരിക്കും ദൈവചൈതന്യം ഉള്ളതാണെന്നും മഹാരാജാവ് തിരിച്ചറിഞ്ഞു. ഗിരിവർഗ്ഗക്കാരാണെങ്കിലും ഇവർ സിദ്ധൻമാരു കൂടിയാണെന്ന് മനസ്സിലാക്കിയ മഹാരാജാവ് പാവങ്ങളുടെ ക്ഷേമത്തിനായും ഈ ദേശത്തിന്റെ നൻമക്കായും ഈ പുണ്യഭൂമിയിൽ ഇരുന്നു, ശിവനെ ഭജിച്ചു. അങ്ങനെ സ്വയംഭൂവായ ശക്തിയാണ് പോരുവഴി പെരുവിരുത്തി മലനട ക്ഷേത്രം.

ആചാര്യനായ ദ്രോണർക്കും, അരുമയായ തോഴൻ കർണ്ണനും, ഏക സഹോദരി ദുഃശ്ശളയ്ക്കും, അമ്മയായ ഗാന്ധാരി ദേവിക്കും, അമ്മാവനായ ശകുനിക്കും, സഹോദരനായ ദുഃശ്ശാസനനും മലനടയുടെ സമീപപ്രദേശങ്ങളിൽത്തന്നെ ക്ഷേത്രങ്ങൾ ഉള്ളതും, സമീപജില്ലകളിലായി മലനട ഉൾപ്പെടെ കൗരവർ 101 പേർക്കും ക്ഷേത്രങ്ങൾ ഉള്ളതും ഈ പ്രദേശത്തേയും, വിശ്വാസത്തേയും മഹാഭാരതകഥ ഇതിഹാസവുമായി ബന്ധപ്പെടുത്തുന്നു. പോരുവഴി പെരുവിരുത്തി മലനടയിലും ബാക്കി 100 മലനടകളിലും കർണ്ണന്റേയും, ശകുനിയുടേയും ക്ഷേത്രങ്ങളിലും പൂജാകാര്യങ്ങൾ നടത്തുന്നത് അവർണ്ണവിഭാഗത്തിലെ കുറവസമുദായത്തിൽപ്പെട്ടവരാണ് എന്നതും അതിശയോക്തി നിറഞ്ഞകാര്യമാണ്.

ഭൂമിക്ക് കരം പിരിവ് തുടങ്ങിയ കാലം മുതൽ പട്ടാധാരന്റെ സ്ഥാനത്ത് ദുര്യോധനൻ എന്ന പേര് ചേർത്താണ് മലനട നിവാസികൾ നികുതിയൊടുക്കിയിരുന്നത്. മലനടയുടെ വക ഭൂമിക്ക് ഇന്നും കരം അടക്കുന്നത് ദുര്യോധനന്റെ പേരിൽത്തന്നെയാണ്. മറ്റ് ക്ഷേത്രങ്ങളിൽ നിന്നും വ്യത്യസ്തമായി അവർണ്ണജനതയാണ് ഇവിടുത്തെ പൂജാകാര്യങ്ങൾ നോക്കുന്നത്. തൊട്ടുകൂടായ്മയും തീണ്ടലും കൊടികുത്തി വാണിരുന്ന ഒരുകാലത്ത് ക്ഷേത്രദർശനം അവർണ്ണവിഭാഗക്കാർക്ക് സ്വപ്നം മാത്രമായിരുന്ന കാലത്ത് ക്ഷേത്രം നിർമ്മിക്കുന്നതിനും, ആരാധനാസ്വാതന്ത്ര്യം അനുഭവിക്കുന്നതിനും അതിലുപരി ക്ഷേത്രപൂജകൾ നടത്തുവാനുള്ള അധികാരം ഉണ്ടായിരുന്നതും മറ്റ് ക്ഷേത്രങ്ങളിൽ നിന്നും മലനടയെ വ്യത്യസ്തമാക്കുന്നു.

വൈവിധ്യമാർന്ന തുണിത്തരങ്ങളുടെ കമനീയ ശേഖരം...



തുളസി ടെക്സ്റ്റയിൽസ്
ഇടയ്ക്കോട്
ഫോൺ: 0476-2820274, 9447087336 (Mob)

എ.എൻ. സ്കൂൾ ഓഫ് നഴ്സിംഗ് & മെഡിക്കൽ ടെക്നോളജി
Affiliated to Vinayaka Mission University (UGC Approved)
ഭരണിക്കാവ്, Ph:0476-2836728

താഴെപ്പറയുന്ന കോഴ്സുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു....
(University December Examination)
Nursing - 2 Yrs., Diploma in X-ray, Diploma in ECG, Diploma in MLT, Diploma in Health Inspector, CT Scan
യോഗ്യത: S.S.L.C & Above
SPOT ADMISSION FOR MBBS, MD, BHMS, BAMS, BSc Nursing, Engineering etc.

WANTED
Experienced MBBS, BHMS, BAMS DOCTORS, STAFF NURSES, LAB TECHNICIAN
Dr. E.M. Shajahan. DHMS, FRHS (Mob:9447865175)

സഹോദര സ്ഥാപനം: എ.എൻ. ഹോസ്പിറ്റൽ, ശാസ്താംകോട്ട റോഡ്, നാലുമുക്ക്

# മലനടയിലെ പ്രധാനപൂജകൾ

പ്രപഞ്ചത്തോടും, പരിസ്ഥിതിയോടും ഈ സമൂഹം എന്നും അടുത്തിരിന്നുവെന്നും, ആ പ്രകൃതിയെ ദൈവമായി ആരാധിച്ചു പോന്നിരുന്ന ഒരു സമൂഹമാണ് ഇവിടെയുള്ളതെന്നും ഈ പൂജകൾ തെളിയിക്കുന്നു. നാട്ടിൽ കൃഷിചെയ്തുണ്ടാക്കുന്ന ധാന്യഫലമൂലാദികൾ ദേവന് ഭക്തജനങ്ങൾ ഈ പൂജാദികളിൽകൂടി അർപ്പിക്കുന്നു.

**1. അടവി പൂജ (ചുട്ടു പൂജ)**

അതിപുരാതന കാലം മുതൽ ഇന്നും എല്ലാ വർഷവും വൃശ്ചിക മാസത്തിലെ ആദ്യചൊവ്വാഴ്ച രാത്രിയോടെ നടക്കുന്ന വ്യത്യസ്തമായ ഒരു പൂജയാണ് ചുട്ടു പൂജ അഥവാ അടവി പൂജ.

പ്രധാന ക്ഷേത്രത്തിന് പുറക് വശത്തായി അടവി ദൈവത്തിന് വേണ്ടി ഒരുക്കിയിരിക്കുന്ന രണ്ട് പ്രത്യേകം തറകൾ ഉണ്ട്. അടവിയുടെ ദർശനം പടിഞ്ഞാറ് ഭാഗത്തേക്ക് വിശാലമായ കൃഷിസ്ഥലം (നെൽപ്പാടം) നോക്കിയാണ്.

**2. മുഹൂർത്തി പൂജ**

പുഴുക്ക് പൂജയുടെ പിറ്റേദിവസം അതായത് വൃശ്ചികമാസത്തിലെ ആദ്യ ബുധനാഴ്ചയാണ് ഈ പൂജ മുഹൂർത്തിക്കാവിൽ വച്ച് നടത്തുന്നത്.

**3. പുഴുക്ക് പൂജ**

അടവിപൂജ അഥവാ ചുട്ടുപൂജയുടെ പിറ്റേദിവസം അതായത് വൃശ്ചികമാസത്തിലെ ആദ്യ വ്യാഴാഴ്ച നടക്കുന്ന ഒരു വിശേഷ പൂജയാണിത്. ഇത് നടത്തുന്നത് വടക്ക് പുറത്തമ്പലത്തിൽ രാത്രിയിലാണ്.

**4. അവൽ പൂജ**

കുംഭ മാസത്തിലെ ആദ്യ ചൊവ്വാഴ്ച അടവിക്കു വേണ്ടി നടത്തപ്പെടുന്ന പൂജയാണ് അവൽ പൂജ.

**5. അരി വറ്റിപ്പ് പൂജ**

കുംഭമാസത്തിലെ ആദ്യ ബുധനാഴ്ച അതായത് അവൽ പൂജയുടെ പിറ്റേദിവസം തെക്കുപുറത്ത് തമ്പുരാന്റെ നടയിൽ നടക്കുന്ന പൂജയാണ് അരിവറ്റിപ്പ് പൂജ.

**6. അരിമാവ് പൂജ**

അരി വറ്റിപ്പ് പൂജയുടെ പിറ്റേദിവസം അതായത് കുംഭമാസം ആദ്യവ്യാഴാഴ്ച വടക്കുപുറത്ത് തമ്പുരാന്റെ നടയിൽ നടക്കുന്ന പൂജയാണ് അരിമാവ് പൂജ.

**7. കിഴക്കേഭാഗത്ത് അവൽ പൂജ**

കുംഭമാസത്തിലെ രണ്ടാം ചൊവ്വാഴ്ച കിഴക്കേ ഭാഗത്ത് അപ്പൂപ്പൻ നടയിൽ കിഴക്കേ ഭാഗത്ത് അപ്പൂപ്പന് വേണ്ടി നടക്കുന്ന ഒരു വലിയ വിശേഷാൽ പൂജയാണിത്. അവൽ, 101 പിണ്ടിവിളക്ക്, 101 പറ അവൽ, 101 അടുക്ക്, പച്ചരി, മലര്, കരിക്ക്, പൂവൻപഴം, പച്ചരിപൊടി തുടങ്ങിയ വിവിധയിനം പൂജാദ്രവ്യങ്ങൾ ഈ പൂജയ്ക്ക് വേണ്ടി ഉപയോഗിക്കുന്നു. അമ്പലത്തിന്റ വിവിധ ഭാഗങ്ങളിൽ വിവിധ സങ്കൽപ്പങ്ങളിലുള്ളവർക്കെല്ലാം, ഇടയ്ക്കാട് ചന്തയിൽ പിതൃക്കൾക്കും പൂജാദ്രവ്യങ്ങൾ സമർപ്പിക്കുന്നു.

ഊരാളി, നാലുവീടർ, താളിക്കാരൻ, കലശക്കാരൻ, ഭരണസമിതി അംഗങ്ങൾ, കരക്കാർ ഇവരെല്ലാവരും പൂജയിൽ പങ്കെടുക്കുന്നു.

**8. വല്ല്യത്ത് കൊട്ടാരത്തിലെ പൂജ**

കുംഭമാസത്തിലെ രണ്ടാം ബുധനാഴ്ച വല്ല്യത്ത് കൊട്ടാരത്തിൽ വച്ച് നടക്കുന്ന ഒരു വിശേഷാൽ പൂജയാണിത്. അവൽ, കരിക്ക്, മുറുക്കാൻ എന്നിവ പൂജയിൽ ഉപയോഗിക്കുന്നു. ഊരാളി, നാലുവീടർ, താളിക്കാരൻ, കലശക്കാരൻ, ഭരണ സമിതി അംഗങ്ങൾ, കരക്കാർ എന്നിവർ പൂജയിൽ പങ്കെടുക്കുന്നു.

**9. മെനക്കശ്ശേരിക്കൊട്ടാരത്തിലെ പൂജ**

കുംഭ മാസത്തിലെ രണ്ടാം ബുധനാഴ്ച തന്നെ മെനക്കശ്ശേരി കൊട്ടാരത്തിൽ വച്ച് നടക്കുന്ന പൂജയാണിത്. ഊരാളി, നാലുവീടർ, താളിക്കാരൻ, കലശക്കാരൻ, ഭരണസമിതി അംഗങ്ങൾ, കരക്കാർ എന്നിവരെല്ലാം ഈ പൂജയിൽ പങ്കെടുക്കുന്നു.

**10. മുഹൂർത്തി പൂജ**

കുംഭ മാസത്തിലെ രണ്ടാം വ്യാഴാഴ്ച മുഹൂർത്തിക്കാവിൽ നടത്തുന്ന പൂജയാണ് മുഹൂർത്തിപൂജ

**11. തെക്കുപുറത്ത് അരിവറ്റിപ്പ് (കൊടിയേറ്റ് ദിവസം)**

തെക്കുപുറത്ത് കൊടിയേറ്റ് ദിവസം രാത്രിയിൽ നടത്തുന്ന പൂജയാണിത്. അരി വേവിച്ച് വറ്റിച്ചെടുക്കുന്നത് തെക്കുപുറത്ത് തമ്പുരാന് സമർപ്പിക്കുന്ന പൂജയാണിത്.

**12. ഉത്സവദിവസം (അരിവറ്റിപ്പ് പൂജ)**

മീനമാസത്തിലെ രണ്ടാം വെള്ളി രാത്രിയിൽ തെക്കുപുറത്ത് നടക്കുന്ന പൂജയാണ് അരിവറ്റിപ്പ് പൂജ

**13. അടുക്കളപൂജ**

ഉത്സവത്തിന് മുമ്പ് കടുത്താംശ്ശേരി കൊട്ടാരത്തിനകത്ത് വച്ച് നടത്തുന്ന പൂജയാണ് അടുക്കള പൂജ.

**14. സംക്രാന്തി പൂജ**

കടുത്താംശ്ശേരിക്കൊട്ടാരത്തിൽ സംക്രാന്തി ദിനത്തിൽ നടത്തുന്ന പൂജയാണ് സംക്രാന്തി പൂജ. അവൽ, മലര്, അടുക്ക് (മുറുക്കാൻ), പൂവൻപഴം, കള്ള്, ചാരായം എന്നിവ വച്ചാണ് പൂജ നടത്തുന്നത്.

**15. വാവ് പൂജ**

കടുത്താംശ്ശേരിക്കൊട്ടാരത്തിൽ വാവ് ദിനത്തിൽ നടത്തുന്ന പൂജയാണ് വാവ്പൂജ. അവൽ, മലര്, അടുക്ക് (മുറുക്കാൻ), പൂവൻപഴം, കള്ള്, ചാരായം എന്നിവ വച്ചാണ് പൂജ നടത്തുന്നത്.

**16. ഉത്രാടം പൂജ**

ഉത്രാട ദിനത്തിൽ കടുത്താംശ്ശേരി കൊട്ടാരത്തിൽ നടത്തി വരുന്ന ഒരു വിശേഷാൽ പൂജയാണിത്. അവൽ, മലര്, പൂവൻപഴം, അടുക്ക് (മുറുക്കാൻ), കള്ള്, ചാരായം എന്നിവ വച്ചാണ് പൂജ നടത്തുന്നത്.

**17. ഊട്ട് പൂജ**

കൊടിയേറ്റ് ദിവസവും ഉത്സവദിവസവും രാവിലെ പ്രധാനദേവസ്ഥാന മണ്ഡപത്തിന് മുന്നിലായി ദുര്യോധന ദേവനുവേണ്ടി നടത്തുന്ന പൂജയാണിത്. വെള്ളപ്പായസം, കരിപ്പുകട്ടി പായസം, പാൽ, പഴം, കരിക്ക് എന്നിവ ദേവന് ഊരാളി സമർപ്പിക്കുന്ന പൂജയാണിത്.

**18. യോഗപ്പാട്**

മലക്കുട മഹോത്സവത്തിന്റെ അടുത്ത ദിവസം(ശനിയാഴ്ച) കടുത്താംശ്ശേരി കൊട്ടാരത്തിൽ വച്ച് നടക്കുന്ന പൂജയാണിത്. വിവിധ ദേശങ്ങളിൽ നിന്ന് വരുന്ന ഭക്തജനങ്ങൾക്ക് ഊരാളി വിത്ത് (നെല്ല്), ചക്രം (നാണയം), പൂവ് ഇവ നൽകുന്ന ഒരു പ്രത്യേക ചടങ്ങാണ് യോഗപ്പാട്ട്. കടൽത്തീരത്തുള്ള ജനങ്ങൾ വളരെ പ്രാധാന്യത്തോടെ കാണുന്ന ഒരു പൂജയാണിത്.

**19. ദൈവം പൂജ (മുൻകാലങ്ങളിൽ നടന്നിരുന്നത്)**

മലക്കുട മഹോത്സവത്തിന് പിറ്റേ ദിവസം ശനിയാഴ്ച ചെമ്പിട്ട കൊട്ടാരത്തിൽ നടക്കുന്ന വളരെയധികം ചെലവേറിയ ഒരു പൂജയാണിത്. വിവിധ തരത്തിലുള്ള കളങ്ങൾ, വിവിധയിനം പഴങ്ങൾ, അവൽ, മലര് തുടങ്ങിയ നിരവധി പൂജാദ്രവ്യങ്ങൾ ഈ പൂജയ്ക്ക് ഉപയോഗിക്കുന്നു. വർഷങ്ങൾക്ക മുമ്പ് നടന്നിരുന്ന ഈ പൂജ വീണ്ടും നടത്തുവാനുള്ള ശ്രമത്തിലാണ് ഇന്നത്തെ ഭരണ സമിതി.

**20. പേക്കാവിലെ പൂജ (മുൻകാലങ്ങളിൽ നടന്നിരുന്നത്)**

പേക്കാവിൽ കമുകിൻ തടി കൊണ്ട് ഉയര ത്തിൽ തട്ടുകൾ കെട്ടുകയും, അതിൽ വിശേഷ തരം പൂജകൾ നടത്തുകയും ചെയ്യുന്നതാണ് പേക്കാവിലെ പൂജകൾ.



പള്ളിപ്പാനാ കർമ്മത്തിൽ നിന്ന്

## പള്ളിപ്പാന

പോരുവഴി പെരുവിരുത്തി മലനടയിൽ 12 വർഷത്തിലൊരിക്കൽ മാത്രം നടത്തി വരാറുള്ള ഒരു മഹത്കർമ്മമാണ് പള്ളിപ്പാന. മലനട അപ്പൂപ്പനും, ദേവസ്ഥാനം ഉൾക്കൊള്ളുന്ന ഏഴ് കരകൾക്കുമുള്ള ഉന്നതമായ പൈശാചിക ദോഷങ്ങൾ തീർക്കുന്നതിനും വേണ്ടിയും, ശക്തി സ്വരൂപനായ മലനട അപ്പൂപ്പന്റെ ശക്തി നാൾക്കുനാൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും ഐശ്വര്യവും സമ്പൽ സമൃദ്ധമായ ഒരു നാടിന്റെ നൻമയ്ക്കും വേണ്ടിയാണ് ഈ കർമ്മം നടത്തുന്നത്. കേരളത്തിലെ വേലൻ സമുദായത്തിൽപ്പെട്ട 50–ഓളം കർമ്മികളും, പുറങ്ങാടി സമുദായത്തിൽപ്പെട്ട വികർമ്മികളും ചേർന്നാണ് ഈ മഹത് കർമ്മം നടത്തുന്നത്. പതിനൊന്ന് പൂർണ്ണ ദിനങ്ങൾ കൊണ്ട് പതിനെട്ട് മഹത് കർമ്മങ്ങൾ പള്ളിപ്പാനയിലൂടെ പൂർത്തീകരിക്കപ്പെടുന്നത്. പത്തു ലക്ഷം രൂപയോളം ചെലവഴിച്ച് നടത്തപ്പെടുന്ന പള്ളിപ്പാന കർമ്മം മലനട ക്ഷേത്രത്തിലെ പൂജാകർമ്മങ്ങളിൽ ഏറ്റവും ചെലവേറിയതിൽ ഒന്നു മാത്രമാണ്.



എസ്. അനൂപ്, മലനട

ലേഖനങ്ങൾ
എസ്. അനൂപ്, മലനട
ചിത്രങ്ങൾ
രജീഷ് രവീന്ദ്രൻ,
ആറുതു ൽ, ഇടയ്ക്കാട്

## മലനടയിലെ ആചാരാനുഷ്ഠാനങ്ങൾ

താന്ത്രിക വിധിപ്രകാരമുള്ള കർമ്മങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തമായി ദ്രാവിഡാചാര പ്രകാരമുള്ള കർമ്മങ്ങളാണ് മലനട ക്ഷേത്രത്തിൽ നടക്കുന്നത്. മറ്റ് ക്ഷേത്രങ്ങളിൽ നിന്നും ആചാരങ്ങളിലും അനുഷ്ടാനങ്ങളിലും വ്യത്യസ്തത പുലർത്തുന്ന പോരുവഴി പെരുവിരുത്തി മലനടയിൽ 101 കുടം കള്ള്, 101 കുടം ചാരായംഎന്നിവയും, 101 കോഴിയേയും വെട്ടി പൂജ നടത്തിയിരുന്ന ചരിത്രം ഉണ്ടായിരുന്നു. എന്നാൽ ഈ ക്ഷേത്രത്തിൽ അത്തരം പൂജാവിധികളൊക്കെ നിരോധിച്ചെങ്കിലും കള്ള് പൂജിച്ച് തീർത്ഥമായി നൽകുന്നു. മലയപ്പൂപ്പന് ഇഷ്ട നിവേദ്യമാണ് കള്ള്. കോഴി, അടുക്ക് (മുറുക്കാൻ), ആട്, കാള, തീവെട്ടി, കറുപ്പു കച്ച, പട്ട്, കൊടി, ആൾരൂപങ്ങൾ, ഗദ, വാൾ, മുത്തുക്കുട, ഓലക്കുട, ഉടയാട, പിടിപ്പണം, നേർച്ചക്കാള, നേർച്ചക്കുതിര, സ്വർണ്ണനൂൽ, കരിപ്പുകട്ടി തുടങ്ങിയവ മലയപ്പൂപ്പന്റെ ഇഷ്ട നേർച്ച വസ്തുക്കളാണ്. ഭക്ഷ്യധാന്യങ്ങൾ ചുട്ട് ദേവന് നിവേദിക്കുന്ന ചുട്ടുപൂജ പോലുള്ളവ ഇന്നും തുടരുന്നു.




അമ്പലത്തുംഭാഗം സർക്കീസ് സഹകരണ ബാങ്ക്
(ക്ലിപ്തം) നമ്പർ 2836
- നിഭേ പത്തിന് ഗവൺമെ ്ഗ്യാര ി
- 50,000 രൂപമുതലുള്ള 4 ചിട്ടികൾ നടത്തിവരുന്നു
- 4 വളം ഡിപ്പോകൾ, നീതിസ് ോർ
- ഇടയ്ക്കാട് ബ്രാ ിൽക്കൂടി എല്ലാ ഇടപാടുകളും നടത്തിവരുന്നു

കേരളീയം പരിപാടി അനുസരിച്ച് ഏഴാമൈൽ, കമ്പലടി, ഇടയ്ക്കാട്, ശാസ്താംനട എന്നീ 4 കേന്ദ്രങ്ങളിൽക്കൂടി നിത്യോപയോഗ സാധനങ്ങൾ ആദായകരമായി നൽകുന്നു.

എക്കാലവും എന്നും സാധാരണക്കാരന്റെ ബാങ്ക്
അമ്പലത്തുംഭാഗം സർക്കീസ് സഹകരണബാങ്ക്
പ്രസിഡന്റ് സെക്രട്ടറി

അൻസി
ഇലക്ട്രോണിക്സ് & ഹോം അപ്ലയൻസസ്
ശാസ്താംകോട്ട, ഫോൺ:0476-2831714
എക്സചേഞ്ച് മേള
ടി. വി., ഫ്രിഡ്ജ്, മിക്സി, ഗ്യാസ് സ് ൗ, കുക്കർ
ടെലിവിഷൻ, ഫ്രിഡ്ജ്, മെത്തകൾ കൂടാതെ മറ്റെല്ലാവിധ ഇലക്ട്രോണിക്സ് ഉപകരണങ്ങളും മൊത്തവിലയിൽ ലഭിക്കുന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
പോരുവഴി ശാഖ ഫോൺ:0476-2830390
കടമ്പനാട് ശാഖ ഫോൺ:04734-283624
പ്രത്യേക പദ്ധതി പ്രകാരം നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നൽകുന്നു.
31.03.2007 വരെ മാത്രം.
3 വർഷത്തേക്ക് 9%
മുതിർന്ന പൗര ാർക്ക് 0.25% അധിക പലിശ
സ്വർണ്ണപ്പണയം (കാർഷികം)
3 ലക്ഷം രൂപാ വരെ 7% പലിശ
പവന് 5200 രൂപ
എല്ലാ ദിവസവും നൽകുന്നു



# സർവൈശ്വര്യപ്രദായനിയായ കലശതീർത്ഥം



സർവൈശ്വര്യ പ്രദായനിയാണ് മലനടയിലെ കലശതീർത്ഥം (കള്ള്). ക്ഷേത്രവിശ്വാസക്രമങ്ങളിൽ തീർത്ഥം സേവിക്കുന്നത് പരമപുണ്യവും മോക്ഷദായകവുമാണ്. മറ്റ് ക്ഷേത്രാചാരക്രമങ്ങളിൽ നിന്ന് വ്യത്യസ്തമായി ശുദ്ധമായ തെങ്ങിൻ കള്ളാണ് ഇവിടെ തീർത്ഥമായി നൽകുന്നത്. ശുദ്ധി ചെയ്യാനുള്ള ശുദ്ധികലശവുമായും തെങ്ങിൻ കള്ള് മലനടയിൽ ഉപയോഗിച്ചു വരുന്നു.

മലനട കുന്നിലെത്തിയ ദുര്യോധന മഹാരാജാവിന് ദാഹശമനത്തിനായി കടുത്താംശേരി കുടുംബത്തിലെ കാളി എന്ന സ്ത്രീ നൽകിയത് വലിയപ്പൂപ്പന് പ്രിയങ്കരമായിരുന്ന തെങ്ങിൻ കള്ള് തന്നെയായിരുന്നു. അതിഥിസൽക്കാരമായി തനിക്ക് ലഭിച്ച തെങ്ങിൻ കള്ള് രാജാവിന് ഏറെ ബോധിക്കുകയുണ്ടായി. ദുര്യോധനാദികളുടെ ആഗമനത്തിന് മുൻപേ തന്നെ തെങ്ങിൻ കള്ള് ഇവിടെ പൂജയ്ക്കുള്ള കലശമായും പാനീയമായും ഉപയോഗിച്ചിരുന്നു.

കല്പവൃക്ഷത്തിൽ നിന്ന് ഉറഞ്ഞ് വരുന്ന ഈ തീർത്ഥം അമൃത് തന്നെയാണ്. കല്പവൃക്ഷത്തെ പാലാഴിമഥനം എന്ന പോലെ മഥിച്ച് അതിൽ നിന്ന് ഊറിവരുന്ന ഈ കേരനീർ അമൃത് തുല്യമായി ഭക്തജനങ്ങൾ കാണുന്നു. ഈ അമൃത് സേവനം സർവൈശ്വര്യപ്രദായകമായും മോക്ഷദായകമായും സർവരോഗനിവാരണിയുമാണെന്ന് ക്ഷേത്രവിശ്വാസങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

അതിരാവിലെ പ്രധാന ദേവസ്ഥാനമണ്ഡപത്തെ വെള്ളത്താൽ ശുദ്ധി ചെയ്തതിന് ശേഷം കലശപൂജയ്ക്കുള്ള കുടും ബാവകാശികളായ കെട്ടുങ്ങൽകുടുംബത്തിലെ ഒരംഗം ക്ഷേത്രമൈതാനിയിലെ കലശത്തിനായുള്ള തെങ്ങുകളിൽ നിന്ന് ചെത്തിയെടുത്ത ശുദ്ധമായ തെങ്ങിൻ കള്ള് പാളയിൽ കൊണ്ടുവന്ന് തുമ്പച്ചെടി ഉപയോഗിച്ച് ആൽത്തറയ്ക്ക് ചുറ്റും കുടഞ്ഞ് ശുദ്ധികലശം നടത്തുന്നു. പ്രഭാതപൂജകൾക്ക് ശേഷം ഇവിടെ വരുന്ന ഭക്തജനങ്ങൾക്ക് തീർത്ഥമായി തെങ്ങിൻ കള്ള് (കലശം) നൽകിക്കൊണ്ടിരിക്കുന്നു. സർവരോഗനിവാരണത്തിനുമായി ദൂരദേശങ്ങളിൽ നിന്ന് പോലും ഇവിടെ എത്തുന്ന ഭക്തജനൾ ഈ കലശതീർത്ഥം സേവിക്കുന്നതിനായി പ്രത്യേക താല്പര്യം കാണിക്കുന്നു. കലശപൂജയുടെ പ്രാധാന്യവും സവിശേഷതയും ഇവിടെ എത്തുന്ന ഭക്തജനങ്ങൾക്ക് ഏറെ അനുഭൂതവും അടുത്തറിയാവുന്നതുമാണ്. മലനടദേശത്തെ ഏത് കർമ്മത്തിനും കലശപൂജയായി അപ്പൂപ്പന് മദ്യം (കലശം) സമർപ്പിക്കാതെ തുടങ്ങാറില്ല എന്നത് ഈ ദേശസംസ്കാരത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ഉദ്ദിഷ്ടകാര്യലബ്ധിക്കായും ഉപകാരസ്മരണയ്ക്കായും ക്ഷേത്രത്തിൽ കലശപൂജ നടത്തുന്ന ഭക്തജനങ്ങളുടെ എണ്ണം നാൾക്ക് നാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മലയപ്പൂപ്പന്റെ ഇഷ്ടനിവേദ്യമായി കലശപൂജ നടത്തുന്ന ഭക്തജനങ്ങൾക്ക് മേൽ മലയപ്പൂപ്പന്റെ അനുഗ്രഹാശിസുകൾ ചൊരിഞ്ഞുകൊണ്ടേയിരിക്കുന്നു.

# മലനടയിലെ ഉപക്ഷേത്രങ്ങൾ

പെരുവിരുത്തി മലനട ഉൾപ്പെടെ 101 മലനടകൾ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലായി വ്യാപിച്ച് കിടപ്പുണ്ട്. പോരുവഴി പെരുവിരുത്തി മലനട ക്ഷേത്രത്തിന് സമീപത്തായി ദേവസ്വം ഭരണ സമിതിയിൽപ്പെടുന്ന ഉപക്ഷേത്രങ്ങൾ.

### 1. കടുത്താംശ്ശേരിയിൽ കൊട്ടാരം

പോരുവഴി പെരുവിരുത്തി മലനടയുടെ പ്രധാന കുടുംബക്ഷേത്രമാണ് കടുത്താംശ്ശേരി കൊട്ടാരം. വല്ല്യപ്പൂപ്പൻ അഥവാ പൊന്ന് അപ്പൂപ്പനാണ് ഇവിടുത്തെ ആരാധനാമൂർത്തി. കടുത്താംശ്ശേരി കൊട്ടാരത്തിനാണ് മലനട ക്ഷേത്രങ്ങളുടെ പൂജ അവകാശങ്ങൾ. മലനട ക്ഷേത്രത്തിന്റെ അധീനതയിൽ വരുന്ന ഏഴുകരകളിൽ ഇടയ്ക്കാട് കര ഒഴികെയുള്ള ആറുകരകളെ സംരക്ഷിക്കുന്നത് വല്ല്യപ്പൂപ്പൻ ആണ്. കടുത്താംശ്ശേരി കുടുംബത്തിലെ വലിയകാരണവർ (മൂപ്പൻ) ആണ് മലനട ക്ഷേത്രത്തിലെ പ്രധാന ഊരാളി (ഊരിന്റെ അധിപൻ).

### 2. കിഴക്കേഭാഗത്ത് അപ്പൂപ്പൻനട

പോരുവഴി പെരുവിരുത്തി മലനടയുടെ പ്രധാന ഉപക്ഷേത്രമാണ് കിഴക്കേഭാഗത്ത് അപ്പൂപ്പൻ നട. വല്ല്യഅപ്പൂപ്പന്റെ ശേഷക്കാരനായ കിഴക്കേഭാഗത്തപ്പൂപ്പനാണ് ഇവിടുത്തെ ആരാധനാമൂർത്തി. മലനട ക്ഷേത്രങ്ങളിൽ സമ്പത്ത് വരുത്തുന്നത് കിഴക്കേഭാഗത്ത് അപ്പൂപ്പനാണെ ന്നാണ് വിശ്വാസം. മലനട ക്ഷേത്രം അധീനതയിൽ വരുന്ന ഏഴു കരകളിൽ ഇടയ്ക്കാട് കരയെ സംരക്ഷിക്കുന്നത് കിഴക്കേഭാഗത്ത് അപ്പൂപ്പനാണ്.

### 3. ഗുരുക്കൾശ്ശേരിയിൽ കൊട്ടാരം

പോരുവഴി പെരുവിരുത്തി മലനടയുടെ ദേവിസങ്കേതമാണ് ഗുരുക്കൾശ്ശേരി ഭഗവതീക്ഷേത്രം. ഗുരുക്കൾശ്ശേരിയിൽ ഭഗവതിയാണ് ഇവിടെ കുടികൊള്ളുന്ന ആരാധനാമൂർത്തി. ഈ കൊട്ടാരത്തിലാണ് നാടുമായി ബന്ധപ്പെട്ട കളരി ആശാന്മാർ വസിച്ചിരുന്നത്. അതിന്റെ ഓർമ്മ പുതുക്കലായി മലക്കുട കൊടിയേറ്റു നാളിൽ ഗുരുക്കൾശ്ശേരി കുടുംബത്തിൽ നിന്നുമുള്ള അവകാശികൾ ആയോധനമുറകൾ കടുത്താംശ്ശേരിക്കൊട്ടാരത്തിനു മുന്നിൽ അരങ്ങേറാറുണ്ട്.

### 4. വല്ല്യത്ത് കൊട്ടാരം

പോരുവഴി പെരുവിരുത്തി മലനടയുടെ ഒരു ഉപക്ഷേത്രമാണ് വല്ല്യത്ത് ക്ഷേത്രം. വല്ല്യത്ത് അപ്പൂപ്പനാണ് ഇവിടെ കുടികൊള്ളുന്ന ആരാധനാമൂർത്തി. വടക്കുദേശത്തുനിന്നും ഇവിടേക്ക്വന്ന വല്ല്യഅപ്പൂപ്പനും, കിഴക്കേഭാഗത്ത് അപ്പൂപ്പനും വല്ല്യത്ത് അപ്പൂപ്പന്റെ നിർദ്ദേശപ്രകാരമാണ് കടുത്താംശ്ശേരി വാസസ്ഥലമാക്കുന്നത്.

### 5. മെനക്കശ്ശേരിയിൽ കൊട്ടാരം

പോരുവഴി പെരുവിരുത്തി മലനടയുടെ ഒരു ഉപക്ഷേത്രമായ മെനക്കശ്ശേരിയിൽ കൊട്ടാരത്തിൽ കുടികൊള്ളുന്നത് 101 സ്വരൂപങ്ങൾ ആണ്. ആദിക്കാട്ട് കുളങ്ങര അപ്പൂപ്പൻ മലനടയിൽ വന്ന് വസിച്ചത് ഈ കൊട്ടാരത്തിലാണ്.

### 6. പൂലിശ്ശേരിയിൽ കൊട്ടാരം

പോരുവഴി പെരുവിരുത്തി മലനടയുടെ ഒരു ഉപക്ഷേത്രമായ പൂലിശ്ശേരിയിൽ കൊട്ടാരത്തിൽ കുടികൊള്ളുന്ന ആരാധനാമൂർത്തി പൂലിശ്ശേരി യിൽ അമ്മൂമ്മയാണ്. ആണ്ടുപൂജകൾക്ക് വേണ്ടിയുള്ള ഫലമൂലാദികൾ ഇവിടെയാണ് സൂക്ഷിക്കുന്നത്.

### 7. ചെമ്പിട്ട കൊട്ടാരം

ചെമ്പിട്ട കൊട്ടാരത്തിലെ ആരാധനാമൂർത്തി ഒരു സിദ്ധൻ (തമ്പുരാൻ) ആണ്. ക്ഷേത്രത്തിന് നൂറ്റാണ്ടുകളുടെ പഴക്കവും അതിന്റെ മേൽക്കൂര മുഴുവനും ചെമ്പിനാൽ നിർമ്മിച്ചതും തടിയിലുള്ള അതിവിദഗ്ധമായ കൊത്തുപണികളും ക്ഷേത്രത്തിന്റെ പ്രത്യേകതകളാണ്. കൊട്ടാരത്തിൽ വിളക്ക് കത്തിക്കുന്നതും പൂജകൾ നടത്തുന്നതും കുറവ സമുദായത്തിൽപ്പെട്ട ഊരാളിയാണെങ്കിലും 1980ൽ നടന്ന ദേവപ്രശ്നവിധിപ്രകാരം അന്നുമുതൽ വർഷത്തിൽ രണ്ടു പ്രാവശ്യം ബ്രാഹ്മണർ ഇവിടെ പൂജ ചെയ്തു പോരുന്നു. അന്നു മാത്രമാണ് ക്ഷേത്രനട തുറക്കുന്നത്. (വൃശ്ചികമാസം 1–ാം തീയതിയും മീനം 1–ാം വെള്ളിയാഴ്ചയും). ഈ വൈവിദ്ധ്യം നാടിന്റെ ജാതിമത സൗഹാർദ്ദതയ്ക്ക് മാറ്റുകൂട്ടുന്നു.

ഇവിടുത്തെ തമ്പുരാന് ഭ്രാന്ത്, ശത്രുദോഷം എന്നിവയ്ക്കുള്ള ചികിത്സ അറിയാമായിരുന്നു. ആയതിനാൽ ആവിധ രോഗങ്ങൾക്ക് പരിഹാരം തേടി ഇന്നും ഭക്തജനങ്ങൾ ഇവിടെ എത്താറുണ്ട്.

### 8. വടക്കുപുറത്ത് ക്ഷേത്രം

പോരുവഴി പെരുവിരുത്തി മലനടയുടെ ഉപക്ഷേത്രങ്ങളിൽ ഒന്നാണ് വടക്കുപുറത്ത് ക്ഷേത്രം. പ്രധാന ക്ഷേത്രത്തിന് വടക്കു വശത്തായി സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രത്തിലെ ആരാധനാ മൂർത്തി ഒരു സിദ്ധനാണ് (തമ്പുരാൻ). ഈ തമ്പുരാൻ പാണ്ടിദേശത്തുനിന്നും മലനട കുന്നിലേക്ക് വന്ന നാല് സിദ്ധന്മാരിൽ ഒരാളാണ്. കണ്ണിനുള്ള ചികിത്സ അറിയാവുന്ന ഈ തമ്പുരാന്റെ നടയിലേക്ക് ഭക്തജനങ്ങൾ കണ്ണിനുള്ള അസുഖങ്ങൾക്ക് പരിഹാരം തേടി ഇന്നും ഇവിടെ പൂജകൾ നടത്താറുണ്ട്.

### 9. തെക്കുപുറത്ത് ക്ഷേത്രം

പോരുവഴി പെരുവിരുത്തി മലനട ക്ഷേത്രത്തിന്റെ ഒരു ഉപക്ഷേത്രമായ തെക്കുപുറത്ത് ക്ഷേത്രത്തിൽ കുടികൊള്ളുന്നതും ഒരു സിദ്ധനാണ് (തമ്പുരാൻ). പാണ്ടിദേശത്തുനിന്നും ഈ സിദ്ധന് ഉദര സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സ അറിയാമായിരുന്നു. അത്തരം രോഗങ്ങൾക്ക് പരിഹാരം തേടി ഭക്തജനങ്ങൾ ഇന്നും ഇവിടെ പൂജകൾ നടത്താറുണ്ട്.

### 10. ഇലഞ്ഞിമൂട് അഥവാ മണങ്കരവിള ക്ഷേത്രം

പോരുവഴി പെരുവിരുത്തി മലനട ക്ഷേത്രത്തിന്റെ ഒരു ഉപക്ഷേത്രമായ ഇലഞ്ഞിമൂട് ക്ഷേത്രത്തിലും കുടികൊള്ളുന്നത് ഒരു സിദ്ധനാണ്(തമ്പുരാൻ). തന്നെ സമീപിക്കുന്ന ഭക്തജനങ്ങൾ അഹങ്കാരമില്ലാതെ ശുദ്ധമനസ്സോടെ ആകണമെന്നുമുള്ള നിർബന്ധത്തോടെയുള്ള ഒരു സിദ്ധൻ (തമ്പുരാൻ) ആണിവിടെ കുടികൊള്ളുന്നത്.

### 11. മുഹൂർത്തിക്കാവ്

പോരുവഴി പെരുവിരുത്തി മലനടക്ഷേത്രത്തിന്റെ ഒരു ഉപക്ഷേത്രമാണ് മുഹൂർത്തികാവ്. ക്ഷേത്രവുമായി ബന്ധപ്പെട്ട മുഹൂർത്തി സങ്കൽപമാണ് ഇവിടെയുള്ളത്. ആചാരപ്രകാരം വർഷത്തിൽ രണ്ടുപൂജകൾ മാത്രമാണ് ഇവിടെ നടക്കുന്നത്.

### കുടുംബക്ഷേത്രങ്ങൾ

1. കടുത്താംശ്ശേരിയിൽ
2. കെട്ടുങ്ങൽ


**തരംഗിണി എൻറർപ്രൈസസ്**
ഭരണിക്കാവ് റോഡ്, ചക്കുവള്ളി.
ഫോൺ: 2084965, 9447398042
ടി.വി., ഫ്രിഡ്ജ്, വാഷിങ്ങ്മെഷീൻ, ഗ്രൈൻറർ, ഫാൻ, മിക്സി, ഡി.വി.ഡി., മ്യൂസിക് സിസ്ററം, സി.ഡി.പ്ലെയർ, ഡിഷ് ടി.വി., തയ്യൽമെഷീൻ, ടി.വി. സ്ററാൻറ്, അലമാര, പ്രസൻേറഷൻ സെററുകൾ, മുതലായവ മിതമായ നിരക്കിൽ ലഭിക്കുന്നു.


## ദേവസ്വം ഭാരവാഹികൾ


എൻ. ചന്ദ്രക്കുറുപ്പ്
(പ്രസിഡൻറ്)


എൻ. വിജയൻ
(വൈ. പ്രസിഡൻറ്)


എസ്.ബി. ജഗദീശ്
(സെക്രട്ടറി)


കെ. വാമദേവൻ
(ഖജാൻജി)


ആശംസകളോടെ...

**പവിഴം**
ഫാഷൻ ജൂവലേഴ്സ്
കടമ്പനാട്.
Ph: 04734-283690,
284690 (R), 281249 (R)



**ഹൈ-ടെക്**
ബോഡിബിൽഡേഴ്സ്
ഏഴാം മൈൽ,
കടമ്പനാട് സൗത്ത്
പത്തനംതിട്ട – 691 558
*Mob: 9447207128*
*Body Builders of*
Luxury Coaches, Bus, Lorry, Tipper
& Light Commercial Vehicles



പ്രൊപ്രൈററർ എം.ബി. ജയൻ
രജി. നമ്പർ: 090821182,

**മന്ത്തിൽ**
എഞ്ചിനീയറിംഗ് & കൺസ്ട്രക്ഷൻസ്
ഫോൺ: 0476– 2820563, 9446185507, 9446913260, 9495500193
ബിൽഡിംഗ് പ്ലാൻ, എസ്ററിമേററ് (വാസ്തു അനുസരിച്ച്), റോളിംഗ് ഷട്ടർ, ഗ്രിൽ, ചാനൽഗേററ്, റൂഫ് വർക്ക് എന്നിവയ്ക്ക് സമീപിക്കുക



ആശംസകളോടെ... സ്ഥാപിതം : 1980
**പ്രഭാത് ഇലക്ട്രിക്കൽസ്**
അടൂർ റോഡ്, ഭരണിക്കാവ്
ഫോൺ:0476-2831388, 2831488, 9447304788
ഫിനോലക്സ്, വി-ഗാർഡ്, ഹാവൽസ്, ആങ്കർ, ക്രാബ്ട്രീ, വയറിംഗ് സാധനങ്ങളും, ഫാൻ, മിക്സി, ഗ്രൈൻറർ, അയൺ, ഹീററർ, പ്രഷർകുക്കർ, ഷോലൈററുകൾ, പ്രസൻേറഷൻ സെററുകൾ എന്നിവയ്ക്ക് സമീപിക്കുക
**മിക്സി എക്സ്ചേഞ്ച് മേള**
ഇവിടെ നിന്നും പഴയമിക്സി പരമാവധി വിലനൽകി പകരം ഫിലിപ്സിൻെറ പുതിയത് വാങ്ങാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
സഹോദര സ്ഥാപനം
**ലാലു & ബാലു ഷോപ്പിംഗ് സെൻറർ**
കടപുഴ റോഡ്, ഭരണിക്കാവ്




**സ്വർണ്ണമയൂരി ജൂവലറി**
ചാരുംമൂട്, ഫോൺ: 2382252
ഭരണിക്കാവ്, ഫോൺ: 0476–2831414




എല്ലാവിധ സ്ററീൽ ഫർണീച്ചറുകളും പ്ലാസ്ററിക് ഫർണീച്ചറുകളും ഹോൾസെയിലായും റീട്ടെയിലായും ലഭിക്കുന്നു
**ജെ.ജെ. എൻറർപ്രൈസസ്**
*(Manufacturing & Sales)*
മാർക്കററ് ജംഗ്ഷൻ,
ഇടയ്ക്കാട്
Ph: 0476-2820721, 9447742248

